Passed on 19-11-2019

# 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

## സംസ്ഥാനത്തെ മദ്രസ്സാദ്ധ്യാപകരുടെ ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—സംസ്ഥാനത്തെ മദ്രസ്സാദ്ധ്യാപകരുടെ ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2018 സെപ്റ്റംബർ 4-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ബോർഡ്" എന്നാൽ 10-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു;

(ബി) "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ" എന്നാൽ 10-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (vi)-ാം ഖണ്ഡം പ്രകാരം നിയമിതനാകുന്ന ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നർത്ഥമാകുന്നു;

(സി) "കമ്മിറ്റി" എന്നാൽ മദ്രസ്സയുടെ ഭരണനിർവ്വഹണത്തിനുവേണ്ടി രൂപീകൃതമായ കമ്മിറ്റിയോ, മറ്റ് ഭരണസമിതിയോ എന്നർത്ഥമാകുന്നതും അതിൽ മദ്രസ്സാദ്ധ്യാപകന് വേതനം നൽകുന്നതിന് ഉത്തരവാദപ്പെട്ട ആൾ ഉൾപ്പെടുന്നതുമാകുന്നു;

KNPP. 1391/2019.

(ഡി) "അംശദായം" എന്നാൽ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിധിയിലെ അംഗങ്ങളും 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം കമ്മിറ്റിയും നിധിയിലേക്ക് നൽകേണ്ടതായ തുക എന്നർത്ഥമാകുന്നു;

(ഇ) "കോർപ്പസ് ഫണ്ട് " എന്നാൽ 4-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഫണ്ട് എന്നർത്ഥമാകുന്നു;

(എഫ്) "ആശ്രിതൻ" എന്നാൽ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, പ്രായപൂർത്തിയാകാത്ത മക്കൾ, അവിവാഹിതരോ വിധവകളോ വിവാഹമോചിതരോ ആയ പെൺമക്കൾ, മാനസികമായോ ശാരീരികമായോ അവശതയനുഭവിക്കുന്ന മക്കൾ, അംഗത്തെ മാത്രം ആശ്രയിച്ചു കഴിയുന്ന അച്ഛൻ/അമ്മ എന്നർത്ഥമാകുന്നു;

(ജി) "നിധി" എന്നാൽ 3-ാം വകുപ്പ് പ്രകാരം, രൂപീകരിക്കപ്പെട്ട കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി എന്നർത്ഥമാകുന്നു;

(എച്ച് ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഐ) "മദ്രസ്സ" എന്നാൽ മുസ്ലീം മതതത്വങ്ങളും അനുഷ്ഠാനങ്ങളും പഠിപ്പിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള പഠനസ്ഥാപനം എന്നർത്ഥമാകുന്നതും അതിൽ മുസ്ലീം മതതത്വമോ, അനുഷ്ഠാനമോ ആശയമോ പഠിപ്പിക്കുന്ന ഏത് പേരിലറിയപ്പെടുന്ന സ്ഥാപനവും ഉൾപ്പെടുന്നതുമാകുന്നു;

(ജെ) "മദ്രസ്സാദ്ധ്യാപകൻ" എന്നാൽ മുസ്ലീം മതപഠനാവശ്യാർത്ഥം സംസ്ഥാനത്തെ മദ്രസ്സകളിൽ നിയമിക്കപ്പെടുന്ന അദ്ധ്യാപകൻ എന്നർത്ഥമാകുന്നതും എന്നാൽ, കേന്ദ്ര-സംസ്ഥാന സർക്കാരിൽ നിന്നോ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ, പെൻഷനോ മറ്റു ആനുകൂല്യങ്ങളോ ലഭിക്കുവാൻ അർഹതപ്പെട്ട സേവനത്തിലുള്ള അദ്ധ്യാപകനോ 1959-ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങളുടെ പരിധിയിൽ വരുന്ന അദ്ധ്യാപകനോ ഉൾപ്പെടാത്തതുമാകുന്നു;

(കെ) "അംഗം" എന്നാൽ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ക്ഷേമനിധിയിൽ അംഗമായി ചേർക്കപ്പെട്ടതോ 2010-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതിയിൽ ഒരു അംഗമായി തുടർന്നു വരുകയോ ചെയ്യുന്ന ഒരു മദ്രസ്സാദ്ധ്യാപകൻ എന്നർത്ഥമാകുന്നു;

(എൽ) "വിജ്ഞാപനം" എന്നാൽ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം എന്നർത്ഥമാകുന്നു;

(എം) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എൻ) "പദ്ധതി" എന്നാൽ 3-ാം വകുപ്പ് പ്രകാരം ആവിഷ്കരിച്ചിട്ടുള്ള കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി എന്നർത്ഥമാകുന്നു;

(ഒ) "പ്രവർത്തക ക്ഷേമനിധി" എന്നാൽ 2010 മേയ് 31-ാം തീയതി പൊതുഭരണ (ന്യൂനപക്ഷ സെൽ) വകുപ്പ് പുറപ്പെടുവിച്ച സ.ഉ.(പി) 209/2010/പൊ.ഭ.വ. എന്ന സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി എന്നർത്ഥമാകുന്നു;

(പി) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(ക്യൂ) "വർഷം" എന്നാൽ ഏപ്രിൽ മുതൽ ആരംഭിക്കുന്ന സാമ്പത്തിക വർഷം എന്നർത്ഥമാകുന്നു;

3. <u>കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി</u>.—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനു ശേഷം, കഴിയുന്നത്ര വേഗം, സർക്കാർ, വിജ്ഞാപനം വഴി, "കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതും പദ്ധതി ആവിഷ്കരിച്ചതിനുശേഷം ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകളനുസരിച്ച്, "കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി" എന്ന പേരിൽ ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) നിധിയിൽ താഴെ പറയുന്നവ വരവ് വയ്ക്കേണ്ടതാണ്, അതായത് :—

(എ) 4-ാം വകുപ്പ് പ്രകാരമുള്ള കോർപ്പസ് ഫണ്ട് ;

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ മറ്റ് സ്ഥാപനങ്ങളിൽ നിന്നോ നൽകിയേക്കാവുന്ന ഏതെങ്കിലും ഗ്രാന്റുകൾ, വായ്പകൾ അല്ലെങ്കിൽ മുൻകൂറുകൾ;

(സി) 5-ാം വകുപ്പ് പ്രകാരമുള്ള അംശദായങ്ങൾ;

(ഡി) ഏതെങ്കിലും സംഘടനയോ സ്ഥാപനമോ വ്യക്തിയോ നിധിയിലേയ്ക്ക് സ്വമേധയാ കൊടുത്തിട്ടുള്ള ഏതെങ്കിലും സംഭാവന;

(ഇ) 16-ാം വകുപ്പ് പ്രകാരം നിധിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന തുക;

(എഫ്) കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ മറ്റ് ഏതെങ്കിലും സ്ഥാപനമോ സംഘടനയോ നൽകിയേക്കാവുന്ന ഏതെങ്കിലും ഗ്രാന്റുകൾ, വായ്പകൾ അല്ലെങ്കിൽ മുൻകൂറുകൾ;

(ജി) പദ്ധതി പ്രകാരം ചുമത്തിയ ഏതെങ്കിലും ഫീസ് ;

(എച്ച്) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേയ്ക്ക് വരവ് വയ്ക്കേണ്ടതായ മറ്റേതെങ്കിലും തുക;

(ഐ) നിധിയുടെ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനായി മറ്റ് സ്രോതസ്സുകളിൽ നിന്നും ബോർഡ് ശേഖരിച്ച ഏതെങ്കിലും തുക.

(4) നിധി, 10-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ബോർഡിൽ നിക്ഷിപ്തമാകുന്നതും ബോർഡ് അതിന്റെ ഭരണനിർവ്വഹണം നടത്തേണ്ടതുമാണ്.

(5) നിധി, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്, അതായത് :—

(എ) അറുപത് വയസ്സ് പൂർത്തിയായതും അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിലേക്ക് അംശദായം നൽകിയതുമായ ഏതൊരംഗത്തിനും, അയാൾ അംശദായം അടച്ച വർഷങ്ങളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി, പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നിരക്കിൽ നിശ്ചിത തുകയും പെൻഷനും നൽകുന്നതിന്;

വിശദീകരണം 1:—ജോലിയിൽ തുടരാൻ സാധിക്കാത്ത ഒരു അംഗത്തിന്റെ പെൻഷൻ ആനുകൂല്യങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കാൻ ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.

വിശദീകരണം 2:—അഞ്ചു വർഷത്തിൽ കുറഞ്ഞ കാലയളവ് മാത്രം നിധിയിൽ അംശദായം അടച്ച ഒരംഗത്തിന് ജോലിയിൽ തുടരാനാകാതെ വരുന്ന സംഗതിയിൽ ആ അംഗം നിധിയിൽ അടച്ച തുകയ്ക്ക് മാത്രം അർഹത ഉണ്ടായിരിക്കുന്നതാണ്.

(ബി) (എ) ഖണ്ഡപ്രകാരം പെൻഷനും ആനുകൂല്യങ്ങൾക്കും അർഹനായ അംഗം മരിച്ചുപോയാൽ മരണപ്പെട്ട ആളിന്റെ ആശ്രിതർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് ;

(സി) അസുഖം ബാധിച്ച അംഗത്തിന് ചികിത്സാ ചെലവ് നൽകുന്നതിന് ;

(ഡി) അപകടം സംഭവിച്ച അംഗത്തിന് ചികിത്സാ ചെലവ് നൽകുന്നതിന് ;

(ഇ) ആനുകൂല്യങ്ങൾക്ക് അർഹതയുള്ള ഒരംഗം മരിച്ചുപോയാൽ, അത് മരണപ്പെട്ട ആളിന്റെ ആശ്രിതന് നൽകുന്നതിന് ;

(എഫ്) അഞ്ച് വർഷക്കാലമോ അതിലധികമോ തുടർച്ചയായി നിധിയിലേക്ക് അംശദായം അടച്ച ഒരംഗം സേവനം അവസാനിച്ച് പിരിഞ്ഞു പോകുമ്പോൾ, പ്രസ്തുത അംഗത്തിന് നിധിയിൽ അടച്ച തുകയും കമ്മിറ്റിയുടെ വിഹിതവും ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ് ;

(ജി) പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന മറ്റ് ഏതെങ്കിലും ആവശ്യത്തിന് ;

(എച്ച്) ബോർഡിന്റെ ദൈനംദിന ഭരണ ചെലവുകൾക്ക്.

(6) (1)-ാം ഉപവകുപ്പ് പ്രകാരം ആവിഷ്കരിക്കപ്പെട്ട പദ്ധതി, അത് ആവിഷ്കരിച്ച തിനുശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ പ്രസ്തുത പദ്ധതിയിൽ എന്തെങ്കിലും രൂപഭേദ പ്പെടുത്തലുകൾ വരുത്തുകയോ ആ പദ്ധതി ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ പദ്ധതിക്ക് അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും; എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ പദ്ധതി പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

4. <u>കോർപ്പസ് ഫണ്ട്</u>.—നിധിയുടെ സുഗമമായ പ്രവർത്തനത്തിനും അംഗങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിനും അവ മുടക്കം കൂടാതെ നൽകുന്നതിനും ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുള്ള ഗ്രാന്റിൽ നിന്നും സർക്കാർ തുക അനുവദിക്കുന്നതും അത് നിധിയുടെ കോർപ്പസ് ഫണ്ട് ആയിരിക്കുന്നതുമാണ്. കോർപ്പസ് ഫണ്ട് പലിശ രഹിത നിക്ഷേപമായിരിക്കുന്നതും സർക്കാർ വിഹിതമായി ലഭിക്കുന്ന തുകയിൽ നിന്നും ഇൻഷ്വറൻസ് പരിരക്ഷ പ്രീമിയം, സേവനചാർജ്ജ്, വിരമിക്കുന്ന അംഗങ്ങൾക്ക് നൽകേണ്ട തുക, സർക്കാർ അംഗീകരിക്കുന്ന മറ്റ് ചെലവുകൾ എന്നിവ നിറവേറ്റുന്നതിന് ഉപയോഗിക്കാവുന്നതാണ്.

5. <u>നിധിയിലേക്കുള്ള അംശദായം</u>.—(1) നിധിയിൽ അംഗമായ ഓരോ മദ്രസ്സാദ്ധ്യാപകനും പ്രതിമാസം അമ്പത് രൂപ നിധിയിലേയ്ക്ക് അംശദായമായി നൽകേണ്ടതാണ്.

(2) ഓരോ കമ്മിറ്റിയും കമ്മിറ്റിയുടെ കീഴിലുള്ള ഓരോ മദ്രസ്സാദ്ധ്യാപകനും വേണ്ടി പ്രതിമാസം അമ്പത് രൂപ അംശദായം അടയ്ക്കേണ്ടതാണ്.

(3) സർക്കാരിന്, വിജ്ഞാപനം വഴി, (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ പരാമർശിക്കുന്ന അംശദായ നിരക്ക്, പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി കാലാകാലങ്ങളിൽ പരമാവധി അഞ്ഞൂറ് രൂപ വരെ എന്ന പരിധിയിൻമേൽ പരിഷ്കരിക്കാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ വിജ്ഞാപനവും അത് പുറപ്പെടുവിച്ചതിന് ശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത്, ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ, പ്രസ്തുത വിജ്ഞാപനത്തിൽ എന്തെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, വിജ്ഞാപനത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ വിജ്ഞാപനപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതുമാണ്;

(5) പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന രീതിയിൽ അംശദായം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിലോ ഈ ആവശ്യത്തിലേയ്ക്കായി അധികാരപ്പെടുത്തി യിരിക്കുന്ന മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥന്റെ പേരിലോ നൽകേണ്ടതാണ്.

6. <u>നിധിയിലെ അംഗത്വം</u>.—(1) 2-ാം വകുപ്പ് (ജെ) ഖണ്ഡത്തിൽ നിർവ്വചിച്ചിട്ടുള്ളതും പതിനെട്ട് വയസ്സ് പൂർത്തിയായതും എന്നാൽ അൻപത്തിയഞ്ച് വയസ്സ് പൂർത്തിയായി ട്ടില്ലാത്തതുമായ ഏതൊരു മദ്രസ്സാദ്ധ്യാപകനും നിധിയിൽ അംഗമായി പ്രവേശിക്കുന്നതിന് പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഫാറത്തിലും രീതിയിലും ബോർഡിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷയിന്മേൽ ബോർഡിന്, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണം നടത്താവുന്നതും അപേക്ഷകനെ നിധിയിൽ ചേർക്കുകയോ എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ അയാളുടെ അപേക്ഷ നിരസിക്കുകയോ ചെയ്യാവുന്നതുമാണ് :

എന്നാൽ, അപേക്ഷ നിരസിച്ചുകൊണ്ടുള്ള യാതൊരു ഉത്തരവും അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകാതെ പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല :

എന്നുമാത്രമല്ല, അംഗത്വത്തിനുള്ള ഏതെങ്കിലും അപേക്ഷ നിരസിക്കുന്നതിലൂടെ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള കാലയളവിനുള്ളിൽ സർക്കാരിന് അപ്പീൽ നൽകാവുന്നതാണ്.

(3) ഓരോ അപേക്ഷകനും അപേക്ഷാഫീസായി പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള തുക, അങ്ങനെയുള്ള രീതിയിൽ അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

(4) നിധിയിൽ അംഗമായി ചേരുന്ന ഓരോ അംഗത്തിനും ഒരു അംഗത്വ സർട്ടിഫിക്കറ്റും, തിരിച്ചറിയൽ കാർഡും, വിശദാംശങ്ങൾ രേഖപ്പെടുത്തിയ ഒരു പാസ്സ്ബുക്കും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നൽകേണ്ടതും ഇതുസംബന്ധിച്ച ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

(5) നിധിയിലെ ഒരു അംഗം സേവനം പൂർത്തിയാക്കുമ്പോഴോ, രാജിവച്ചൊഴിയുമ്പോഴോ ജോലിയിൽ നിന്ന് പിരിച്ചുവിടപ്പെടുകയോ ചെയ്യുമ്പോൾ നിധിയിൽ അംഗമല്ലാതായിത്തീരുന്നതാണ്.

7. <u>അംഗത്വം റദ്ദാക്കൽ</u>.—(1) ഒരു അംഗം, ഏതെങ്കിലും തരത്തിലുള്ള കൃത്രിമം കാട്ടിയതായോ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി അംഗത്വത്തിനുള്ള നിബന്ധനകളുമായി ബന്ധപ്പെട്ട് വ്യാജമായ വിവരം എപ്പോഴെങ്കിലും നൽകിയിട്ടുണ്ടെന്നോ കണ്ടെത്തുകയാണെങ്കിൽ, ബോർഡിനോ അതിനായി അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ, അങ്ങനെയുള്ള അംഗത്തിന്റെ അംഗത്വം റദ്ദാക്കാവുന്നതാണ് :

എന്നാൽ, അംഗത്വം റദ്ദാക്കിക്കൊണ്ടുള്ള യാതൊരു ഉത്തരവും അംഗത്തിന് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകാതെ പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഒരു അംഗം ആറുമാസക്കാലം തുടർച്ചയായി അംശദായം അടയ്ക്കുവാൻ വീഴ്ച വരുത്തുകയാണെങ്കിൽ നിധിയിലെ അയാളുടെ അംഗത്വം സ്വയമേവ അവസാനിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഉത്തരവുകൾക്ക് എതിരെയുള്ള അപ്പീൽ, പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള കാലയളവിനുള്ളിൽ സർക്കാർ മുമ്പാകെ ഫയൽ ചെയ്യേണ്ടതാണ്.

8. <u>അംഗത്വം പുനരുജ്ജീവിപ്പിക്കൽ</u>.—7-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം അംഗത്വം അവസാനിപ്പിക്കപ്പെട്ട ഒരു അംഗത്തിന്, അപ്രകാരം അംഗത്വം അവസാനിപ്പിക്കപ്പെട്ട തീയതി മുതൽ ഒരു വർഷത്തിനകം മുഴുവൻ അംശദായവും ഒരുമിച്ചടച്ചാൽ അംഗത്വം പുനരുജ്ജീവിപ്പിച്ച് നൽകാവുന്നതാണ്.

9. <u>പദ്ധതി ഭേദഗതി ചെയ്യൽ</u>.—(1) സർക്കാരിന്, വിജ്ഞാപനംവഴി, ഈ ആക്റ്റ് പ്രകാരം ആവിഷ്കരിക്കപ്പെട്ട പദ്ധതി മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ഭേദഗതി ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ വിജ്ഞാപനവും അത് പുറപ്പെടുവിച്ച തിനുശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത്, ഏത്

സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ, പ്രസ്തുത വിജ്ഞാപനത്തിൽ എന്തെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, വിജ്ഞാപനത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ വിജ്ഞാപനപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിൽ ആയിരിക്കേണ്ടതുമാണ്.

10. ബോർഡിന്റെ രൂപീകരണം.—(1) സർക്കാരിന്, വിജ്ഞാപനംവഴി, അതിൽ വിനിർദ്ദേശിക്കപ്പെടുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി, നിധിയുടെ ഭരണ നിർവ്വഹണത്തിനും നടത്തിപ്പിനും ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ടി "കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ് ശാശ്വതമായ പിന്തുടർച്ചാവകാശത്തോടും പൊതുമുദ്രയോടുംകൂടിയ 'കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ്' എന്ന പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

(3) ബോർഡിൽ, ഇതിനുശേഷം വ്യവസ്ഥചെയ്യുന്ന പ്രകാരം, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(i) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, അദ്ദേഹം ബോർഡിന്റെ ചെയർമാൻ ആയിരിക്കുന്നതാണ്;

(ii) മദ്രസ്സാദ്ധ്യാപകരെ പ്രതിനിധീകരിക്കുന്ന ആറ് അംഗങ്ങൾ;

(iii) മദ്രസ്സ കമ്മിറ്റിയെ പ്രതിനിധീകരിക്കുന്ന ആറ് അംഗങ്ങൾ;

(iv) ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ;

(v) ന്യൂനപക്ഷ ക്ഷേമ വകുപ്പിലെ ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(vi) പൊതുഭരണ വകുപ്പിലെ സെക്ഷൻ ആഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ-അദ്ദേഹം ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ആയിരിക്കുന്നതാണ്;

(vii) ധനകാര്യ വകുപ്പിലെ ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(viii) നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ.

(4) പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന രീതിയിൽ ബോർഡ് അതിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ ഭരണനിർവ്വഹണം നടത്തേണ്ടതാണ്.

(5) ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി, നിധിയുടെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമെന്നു കരുതുന്ന ഈ ആക്റ്റോ പദ്ധതിയോ പ്രകാരമുള്ള, അങ്ങനെയുള്ള അധികാരങ്ങളും ചുമതലകളും ബോർഡിന്റെ ചെയർമാനോ മറ്റ് ഏതെങ്കിലും അധികാരസ്ഥാനത്തിനോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്.

11. <u>ബോർഡിന്റെ യോഗം</u>.—(1) ബോർഡ്, അതിന്റെ ബിസിനസ്സ് നടത്തിപ്പിനായി കുറഞ്ഞത് മൂന്നുമാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

(2) ബോർഡിന്റെ ഒരു യോഗത്തിന് വേണ്ടിയുള്ള ക്വാറം, ഏറ്റവും കുറഞ്ഞത്, ചെയർമാൻ ഉൾപ്പെടെ ആകെയുള്ള അംഗങ്ങളുടെ പകുതിയിലധികം ആയിരിക്കേണ്ടതാണ്. ഔദ്യോഗിക അംഗങ്ങളിൽ, കുറഞ്ഞത്, രണ്ട് അംഗങ്ങളെങ്കിലും ഹാജരുണ്ടെങ്കിൽ മാത്രമേ ക്വാറം തികഞ്ഞതായി കണക്കാക്കുകയുള്ളൂ.

(3) ചെയർമാൻ അല്ലെങ്കിൽ അദ്ദേഹത്തിന്റെ അഭാവത്തിൽ യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരു ബോർഡ് അംഗം ബോർഡ് യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(4) ബോർഡിന്റെ ഒരു യോഗത്തിന് മുമ്പാകെ വരുന്ന ഏതൊരു സംഗതിയും, യോഗത്തിൽ ഹാജരായിട്ടുള്ള ബോർഡ് അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതും, തുല്യവോട്ടുകളുടെ സംഗതിയിൽ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന ചെയർമാൻ അല്ലെങ്കിൽ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന അംഗത്തിന് കാസ്റ്റിംഗ് വോട്ടവകാശം ഉണ്ടായിരിക്കുന്നതുമാണ്.

12. <u>ബോർഡ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി</u>.—(1) 10-ാം വകുപ്പ്, (3)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കുന്ന അനൗദ്യോഗിക അംഗങ്ങൾ, ബോർഡ് രൂപീകരിച്ചു കൊണ്ടുള്ള വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലത്തേക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(2) ഏതൊരു അനൗദ്യോഗിക അംഗത്തിനും സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകിക്കൊണ്ട് തന്റെ അംഗത്വം രാജിവയ്ക്കാവുന്നതും എന്നാൽ സർക്കാർ രാജി സ്വീകരിക്കുന്നതുവരെ അദ്ദേഹം ഔദ്യോഗികസ്ഥാനത്ത് തുടരേണ്ടതുമാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം ഉണ്ടാകുന്ന അംഗങ്ങളുടെ താത്കാലിക ഒഴിവുകളിൽ രാജിവച്ചൊഴിഞ്ഞ അംഗം തുടർന്നിരുന്നുവെങ്കിൽ അയാൾക്ക് ലഭിക്കുമായിരുന്ന കാലയളവിലേക്ക് മാത്രം പുതിയ അംഗങ്ങളെ സർക്കാരിന് നിയമിക്കാവുന്നതാണ്.

(4) പൊതുതാൽപ്പര്യാർത്ഥം ഏതെങ്കിലും ഔദ്യോഗിക അംഗം പ്രസ്തുത സ്ഥാനത്ത് തുടരുന്നത് അനുചിതമെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് ഏതുസമയത്തും സർക്കാരിന് അങ്ങനെയുള്ള അംഗത്തെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്.

13. <u>അനൗദ്യോഗിക അംഗങ്ങളുടെ അയോഗ്യതയും നീക്കംചെയ്യലും.</u>—(1) സർക്കാരിന് ബോർഡിലെ ഏതൊരു അനൗദ്യോഗിക അംഗത്തെയും,—

(എ) അദ്ദേഹത്തിന് ബുദ്ധിസ്ഥിരതയില്ലെങ്കിൽ;

(ബി) അദ്ദേഹം അവിമുക്ത നിർദ്ധനനായി വിധിക്കപ്പെട്ടാൽ;

(സി) അദ്ദേഹം ബോർഡിന്റെ അനുവാദം കൂടാതെ തുടർച്ചയായി അതിന്റെ മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയാണെങ്കിൽ; അല്ലെങ്കിൽ

(ഡി) അദ്ദേഹം ബോർഡിലെ ഒരംഗമായി പ്രവർത്തിക്കുന്നതിന് യോഗ്യനല്ലെന്നോ കഴിവില്ലാത്തവനായിത്തീർന്നുവെന്നോ ബോർഡിലെ അംഗമായി അദ്ദേഹം തുടരുന്നത് പൊതുതാൽപ്പര്യത്തിന് ഹാനികരമായി തീരത്തക്കവിധം തന്റെ പദവി ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെന്നോ സർക്കാരിന് അഭിപ്രായമുള്ളപക്ഷം,

ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പ് പ്രകാരം ബോർഡിലെ ഒരു അംഗത്തെ നീക്കം ചെയ്യുന്നതിനുമുമ്പായി അദ്ദേഹത്തെ നീക്കം ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് (സി) ഖണ്ഡപ്രകാരം ബോർഡിൽ നിന്നും നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യോഗിക അംഗം സർക്കാർ മറ്റുവിധത്തിൽ ഉത്തരവാകാത്തപക്ഷം അദ്ദേഹത്തെ നീക്കം ചെയ്ത തീയതി മുതൽ മൂന്ന് വർഷക്കാലത്തേക്ക് ബോർഡിലെ ഒരു അംഗമായി വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല .

(3) (1)-ാം ഉപവകുപ്പ് (ഡി) ഖണ്ഡപ്രകാരം നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യോഗിക അംഗം, സർക്കാർ, ഒരു ഉത്തരവുമൂലം അദ്ദേഹം അയോഗ്യനല്ലെന്ന് പ്രഖ്യാപിക്കുന്നതുവരെ, ബോർഡിലെ ഒരു അംഗമായി വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല.

14. ബോർഡിലെ അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസും യാത്രാബത്തയും ദിനബത്തയും.—ബോർഡിലെ അനൗദ്യോഗിക അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസും അംഗങ്ങളുടെ യാത്രാബത്തയും ദിനബത്തയും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിരക്കിൽ ആയിരിക്കേണ്ടതാണ്.

15. ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും നിയമനം.—(1) സർക്കാരിന്, ഈ ആക്റ്റ് പ്രകാരമുള്ള ബോർഡിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഒരു ചീഫ് എക്സിക്യൂട്ടീവ് ആഫീസറെയും രണ്ട് അസിസ്റ്റന്റുമാരെയും ഒരു അക്കൗണ്ടന്റിനെയും ഒരു ഓഫീസ് അറ്റൻഡന്റിനെയും ആവശ്യമെന്ന് കരുതാവുന്നത്ര മറ്റ് ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനരീതിയും ശമ്പളവും അലവൻസുകളും അച്ചടക്കം സംബന്ധിച്ച വ്യവസ്ഥകളും മറ്റ് സേവനവ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

(3) ബോർഡിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഒരു ഉദ്യോഗസ്ഥനോ ഉത്തരവാദപ്പെട്ടിരിക്കുന്നതാണ്.

16. നിലവിലുള്ള പ്രവർത്തക ക്ഷേമനിധിയിൽനിന്നുള്ള സഞ്ചിത തുക കൈമാറുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ.—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിയിൽ പ്രവർത്തക ക്ഷേമനിധിയിലെ കണക്കിലുണ്ടായിരുന്ന എല്ലാ തുകകളും ഈ ആക്റ്റ് പ്രകാരം രൂപീകരിച്ച നിധിയിലേയ്ക്ക് നിർണ്ണയിക്കപ്പെട്ടിട്ടുള്ള രീതിയിൽ കൈമാറ്റം ചെയ്യപ്പെടുന്നതും അപ്രകാരമുള്ള പ്രവർത്തക ക്ഷേമനിധിയിലെ ഒരു അംഗത്തിന്റെ കണക്കിലുണ്ടായിരുന്ന തുക, അയാളുടെ കണക്കിൽ വരവ് വയ്ക്കേണ്ടതുമാണ്. പ്രവർത്തക ക്ഷേമനിധിയിൽ അംശദായം നൽകാനുള്ള അംഗത്തിന്റെ ബാദ്ധ്യത അങ്ങനെയുള്ള തീയതി മുതൽ ഇല്ലാതാവുന്നതുമാണ്. ഈ ആക്റ്റ് പ്രകാരം രൂപീകരിച്ച നിധിയിലെ തുക സർക്കാർ, ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ (പലിശരഹിതം) നിക്ഷേപിച്ച് പ്രവർത്തനം നടത്തേണ്ടതാണ്.

(2) ഈ ആക്റ്റ് പ്രകാരം രൂപീകരിക്കപ്പെട്ട ബോർഡിന് അത്തരം പദ്ധതികൾ സംബന്ധിച്ചുള്ള എല്ലാ അവകാശവാദങ്ങളും തീരുമാനിക്കാവുന്നതാണ്.

17. കടം വാങ്ങുന്നതിനുള്ള ബോർഡിന്റെ അധികാരം.—ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ, സർക്കാർ വിനിർദ്ദേശിക്കുന്ന പ്രകാരമുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി, നിധിയുടെ ആവശ്യങ്ങൾക്കുവേണ്ടി, അതതുസമയം, പണം കടം വാങ്ങാവുന്നതാണ്.

18. ബോർഡിലെ അനൗദ്യോഗിക അംഗങ്ങൾ പബ്ലിക് സെർവന്റുമാർ ആയിരിക്കുമെന്ന്.—ബോർഡിലെ ഓരോ അനൗദ്യോഗിക അംഗവും, ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ഉൾപ്പെടെ ബോർഡിലെ മറ്റ് ഉദ്യോഗസ്ഥരും 1860-ലെ ഇന്ത്യൻ ശിക്ഷാനിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സെർവന്റായി കരുതപ്പെടേണ്ടതാണ്.

19. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരമോ പദ്ധതി പ്രകാരമോ ഉള്ള കർത്തവ്യങ്ങളും ചുമതലകളും നിറവേറ്റുന്നതിനായി ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിലെ ഒരു അംഗത്തിനോ ബോർഡിനെ സഹായിക്കുന്ന മറ്റ് ഏതെങ്കിലും ആളിനോ എതിരായി യാതൊരു വ്യവഹാരമോ മറ്റു നിയമനടപടിയോ നിലനിൽക്കുന്നതല്ല.

20. സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ.—സർക്കാരിന്, അതതുസമയം, ബോർഡിന് നിർദ്ദേശങ്ങൾ നൽകാവുന്നതും ആയത് നടപ്പിലാക്കുവാൻ ബോർഡ് ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്.

21. അന്വേഷണത്തിനുവേണ്ടി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഏതു സമയത്തും, ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുകയും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നതിനായി ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെടുന്ന അന്വേഷണ ഉദ്യോഗസ്ഥന് അന്വേഷണം ശരിയായ രീതിയിൽ നടത്തുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും ബോർഡ് ഏർപ്പെടുത്തിക്കൊടുക്കേണ്ടതും അദ്ദേഹം ആവശ്യപ്പെടുന്ന, ബോർഡിന്റെ കൈവശമുള്ള രേഖകളും കണക്കുകളും വിവരങ്ങളും നൽകുകയും ചെയ്യേണ്ടതുമാണ്.

22. നിധിയുടെ കണക്കുകളും ആഡിറ്റും ആഡിറ്റർമാരുടെ നിയമനവും.—(1) നിധിയുടെ കണക്കുകൾ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ, ആഡിറ്റ് ചെയ്യുന്നതിനായി സംസ്ഥാന ആഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തേണ്ടതാണ്.

(2) അങ്ങനെയുള്ള സർക്കാർ ആഡിറ്റർമാർ നിധിയുടെ കണക്കുകൾ ഓരോ സാമ്പത്തിക വർഷത്തിലും ആഡിറ്റ് ചെയ്യേണ്ടതാണ്.

(3) ആഡിറ്റ് റിപ്പോർട്ടിനെ സംബന്ധിച്ചോ തുടർനടപടിയെ സംബന്ധിച്ചോ സർക്കാരിന് യുക്തമെന്ന് തോന്നുന്നപക്ഷം അക്കൗണ്ടന്റ് ജനറൽ മുഖേന തുടർപരിശോധന നടത്താവുന്നതാണ്.

23. വാർഷിക റിപ്പോർട്ടും കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും.—(1) ബോർഡ്, ഓരോ സാമ്പത്തിക വർഷത്തേക്കും മുൻ സാമ്പത്തിക വർഷത്തിലെ അതിന്റെ പ്രവർത്തനങ്ങളുടെ പൂർണ്ണമായ വിവരം നൽകുന്ന നിധിയുടെ വാർഷിക റിപ്പോർട്ട് ബോർഡിന്റെ നിർദ്ദേശപ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തയ്യാറാക്കേണ്ടതും ബോർഡിന്റെ അംഗീകാരം ലഭിച്ചതിനുശേഷം റിപ്പോർട്ടിന്റെ ഒരു പകർപ്പ്, കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം, ഓരോ വർഷവും ജൂലൈ 31-ാം തീയതിക്കുമുമ്പ് സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) സർക്കാർ, വാർഷിക റിപ്പോർട്ട് ലഭിച്ചാലുടൻ, കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം, നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

24. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റോ പദ്ധതിയോ പ്രകാരം സർക്കാരോ ബോർഡോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ ബോർഡ് അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ തീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം അല്ലെങ്കിൽ നിശ്ചയിക്കേണ്ടതായ ഏതെങ്കിലും സംഗതി തീർപ്പാക്കുവാനോ തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ നിശ്ചയിക്കുവാനോ ഉള്ള അധികാരിത യാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല.

25. സാക്ഷിയെ വിളിച്ചു വരുത്തുന്നതിനും തെളിവെടുപ്പ് നടത്തുന്നതിനുമുള്ള അധികാരം.—ഈ ആക്റ്റിൻ കീഴിൽ അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി, ബോർഡിന്, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു സിവിൽ കേസ് വിചാരണ നടത്തുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) ഏതൊരാളെയും ഹാജരാകുന്നതിന് നിർബന്ധിക്കുന്നതിനും അല്ലെങ്കിൽ അയാളെ സത്യപ്രതിജ്ഞയിന്മേൽ വിസ്തരിക്കുന്നതിനും;

(ബി) പ്രമാണങ്ങൾ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിന് ;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിന് ; കൂടാതെ

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷനെ നിയോഗിക്കുന്നതിന്.

26. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം പ്രസ്തുത വൈഷമ്യം നീക്കം ചെയ്യുന്നതിലേക്കായി ആവശ്യമെന്ന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം, ഉണ്ടാക്കാവുന്നതാണ്.

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

27. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.</u>—(1) സർക്കാരിന്, വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടെയോ പിൽക്കാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ, പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന്, അതിനുശേഷം അതതുസംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും; എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതുമാണ്.

28. <u>റദ്ദാക്കലും ഒഴിവാക്കലും.</u>—(1) 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസ് (2019-ലെ 30) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

<u>പട്ടിക</u>

[3(2) വകുപ്പ് കാണുക]

**പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന കാര്യങ്ങൾ**

1. ബോർഡ്, നിധിയുടെ ഭരണം നടത്തേണ്ട രീതി.

2. അംഗങ്ങളുടെ രജിസ്ട്രേഷൻ.

3. അംഗങ്ങൾ നിധിയിലേയ്ക്ക് ഏത് സമയത്ത് ഏത് രീതിയിൽ അംശദായം നൽകണമെന്നും അംശദായം ഏത് രീതിയിൽ വസൂലാക്കണം എന്നും.

4. ബോർഡിനെ സഹായിക്കുന്നതിനുവേണ്ടി ഏതെങ്കിലും സമിതിയുടെ രൂപീകരണം.

5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ചുമതലകൾ.

6. കണക്കുകൾ സൂക്ഷിക്കേണ്ട രീതി, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളോ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളോ അനുസരിച്ച് നിധിയുടെ വക പണം നിക്ഷേപിക്കലും ബജറ്റ് തയ്യാറാക്കലും കണക്കുകൾ ആഡിറ്റ് ചെയ്യലും സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിക്കലും.

7. നിധിയിൽ നിന്നും പണം പിൻവലിക്കുന്നതിന് അനുവദിക്കുന്നതിനും അതിൽനിന്നുള്ള ഏതെങ്കിലും കുറവ് ചെയ്യലോ കണ്ടുകെട്ടലോ നടത്തുന്നതിനുള്ള വ്യവസ്ഥകളും അപ്രകാരം കുറവ് ചെയ്യുന്നതിന്റെയോ കണ്ടുകെട്ടലിന്റെയോ പരമാവധി തുകയും.

8. ഒരു അംഗം തന്റെയും തന്റെ കുടുംബത്തെയും സംബന്ധിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുമ്പോൾ നൽകേണ്ടതായ ഫാറം.

9. ഒരംഗത്തിന്റെ മരണത്തെത്തുടർന്ന് ആ അംഗത്തിന് നിധിയിൽ നിന്നും ലഭിക്കേണ്ടതായ ആനുകൂല്യങ്ങൾ സ്വീകരിക്കുന്നതിനുള്ള ആളിനെ നാമനിർദ്ദേശം ചെയ്യലും അത്തരം നാമനിർദ്ദേശത്തിന്റെ പരിശോധനയും റദ്ദാക്കലും.

10. അംഗങ്ങളെ സംബന്ധിച്ച് വച്ചുപോരേണ്ടതായ രജിസ്റ്ററുകളും രേഖകളും മറ്റ് ഫാറങ്ങളും.

11. പാസ്സ്ബുക്കിന്റെയും സർട്ടിഫിക്കറ്റിന്റെയും തിരിച്ചറിയൽ കാർഡിന്റെയും ഫാറവും അത് നൽകുകയും മാറ്റിക്കൊടുക്കുകയും ചെയ്യുന്നതിനുള്ള നടപടിക്രമവും.

12. പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ആവശ്യങ്ങൾക്കായി ചുമത്തേണ്ടതായ ഫീസ്.

13. 16-ാം വകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെട്ട തുകകൾ നിധിയിലേക്ക് കൈമാറ്റം ചെയ്യേണ്ടതിന്റെയും വരവ് വയ്ക്കേണ്ടതിന്റെയും രീതി.

14. അംഗങ്ങളുടെയോ അവരുടെ ആശ്രിതരുടെയോ ക്ഷേമത്തിനു വേണ്ടി ഏതെല്ലാം കാര്യങ്ങൾക്ക് നിധി ഉപയോഗിക്കാമെന്ന്.

15. നിധിയിൽനിന്നും ആനുകൂല്യങ്ങൾ, ഗ്രാന്റുകൾ, മുൻകൂറുകൾ എന്നിവ നൽകുന്നതിനുള്ള നടപടിക്രമം.

16. സേവനം അവസാനിച്ചതോ മറ്റ് കാരണങ്ങളാൽ സേവനത്തിൽ തുടരാൻ സാധിക്കാത്തതോ ആയിട്ടുള്ള അംഗങ്ങൾക്ക് അംശദായം അടച്ച വർഷത്തിന്റെ എണ്ണം അടിസ്ഥാനപ്പെടുത്തി നിധിയിൽ നിന്നും നൽകാവുന്ന തുകയുടെയും പെൻഷന്റെയും നിരക്ക് ക്രമീകരിക്കൽ.

17. പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായതോ ഉചിതമായതോ ആയ മറ്റേതെങ്കിലും സംഗതികൾ.

---